**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - **കൊച്ചി** നഗരസഭയിൽ **കണ്ടിജന്റ് വർക്കർ** ആയി ജോലി നോക്കി വരവെ മരണമടഞ്ഞ ശ്രീ. **ടി.മണിയന്റെ** മകൻ ശ്രീ. **സനീഷ്.കെ.എം.ന്** മുനിസിപ്പൽ കോമൺ സർവ്വീസിൽ **എൽ.ഡി.സി./ബി.സി** തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(എം.എസ്)നം. 294/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 5.9.2013

===========================================================================

വായിച്ചു:-

1) 24.5.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ.
2) 21.1.2013-ൽ ശ്രീ. **സനീഷ്.കെ.എം**, S/o.(Late) ടി.മണിയൻ സമർപ്പിച്ച അപേക്ഷ.
3) 25.04.2013-ലെ അർബൻ അഫയേഴ്സ് ഡയറക്ടറുടെ E4-2003/13 നമ്പർ കത്ത്.
4) 12.07.2013-ലെ **എറണാകുളം** ജില്ലാ കളക്ടറുടെ E2-34155/13 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് **കൊച്ചി** നഗരസഭയിൽ **കണ്ടിജന്റ് വർക്കർ** ആയിരിക്കവെ **04.08.2012-ൽ** മരണമടഞ്ഞ ശ്രീ. **ടി.മണിയന്റെ** മകൻ ശ്രീ. **സനീഷ്.കെ.എം 21.1.2013-ൽ** അപേക്ഷ സമർപ്പിച്ചു. **04.08.2012-ൽ** മരണമടഞ്ഞ ശ്രീ. **ടി.മണിയന് 4** വർഷത്തെ സർവ്വീസ് ഉണ്ടായിരുന്നു. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം **27.6.1960, 6.12.2007** ആണ്. മുകളിൽ നാലാമതായി വായിച്ച കത്തു പ്രകാരം അർബൻ അഫയേഴ്സ് ഡയറക്ടറും അഞ്ചാമതായി വായിച്ച കത്തു പ്രകാരം **എറണാകുളം** ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2) **12.02.1993-ൽ** ജനിച്ച അപേക്ഷകൻ **VHSE പാസ്സായിട്ടുണ്ട്.** ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും ആർക്കും ജോലി ലഭിച്ചിട്ടില്ല എന്നും അപേക്ഷകനും **എറണാകുളം** ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ അപേക്ഷകനായ **ശ്രീ. സനീഷ്.കെ.എം.ന്** ജോലി നൽകുന്നതിൽ എതിർപ്പില്ല എന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നൽകിയിട്ടുണ്ട്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം **36,000/-** രൂപയാണെന്ന് ഇടക്കൊച്ചി വില്ലേജ് ആഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ **കൊച്ചി** നഗരസഭയിൽ **കണ്ടിജന്റ് വർക്കർ** ആയി ജോലി നോക്കി വരവേ മരണമടഞ്ഞ ശ്രീ. **ടി.മണിയന്റെ** മകൻ ശ്രീ. **സനീഷ്.കെ.എം. ന്** സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിൽ **കൊച്ചി** നഗരസഭയിലോ **എറണാകുളം** ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ **എൽ.ഡി.സി./ബി.സി** തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം ഇപ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, മുകളിൽ ഒന്നാമതായി വായിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) ബന്ധപ്പെട്ട നഗരസഭ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപ്പറഞ്ഞ അപേക്ഷകന് എത്രയുംവേഗം നിയമന ഉത്തരവ് നൽകേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമനവിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്.

5) അപേക്ഷകൻ വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് ഉത്തരവ് പുറപ്പെടുവിച്ച ശേഷം എപ്പോഴെങ്കിലും വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകികൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി.റംലത്ത്,**
**അണ്ടർ സെക്രട്ടറി**

ശ്രീ. സനീഷ്.കെ.എം., കൊച്ചുതറ വീട്, H.No.21/1061, പഷ്ണിത്തോട്,
പള്ളുരുത്തി,, എറണാകുളം, കൊച്ചി - പിൻ - 682 006. (രജിസ്റ്റേർഡ് പോസ്റ്റ്)
അർബൻ അഫയേഴ്സ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കൊച്ചി നഗരസഭ (മേയർ മുഖേന)
ജില്ലാ കളക്ടർ, എറണാകുളം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**